## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1325

06/03/2018-ൽ മറുപടിയ്ക്ക്

### ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അഴീക്കോട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കേണ്ട ഏതെല്ലാം പ്രവൃത്തികൾക്ക് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്ന് പൊതുമരാമത്ത് വകുപ്പിന് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | (1) പള്ളിക്കുന്നുമ്പ്രം ശവപറമ്പ് മുതൽ പാലോട്ടായൽ WIP ഗേറ്റ് വരെ റോഡ് ടാറിംഗ്-അഴീക്കോട് ഗ്രാമപഞ്ചായത്ത്<br>(2) അഴീക്കോട് നിയോജകമണ്ഡലം-പാപ്പിനിശ്ശേരി പഞ്ചായത്ത്-മെരളി ചുങ്കം റോഡ് നവീകരണം<br>(3) (a) പ്രോ. ഐ.ഡി 1893-പുഴാതി മേഖല ഡിവിഷൻ 10 - കക്കാട് -മമ്മുഹാജി റോഡ് പുനരുദ്ധാരണം - അഴീക്കോട് നിയോജകമണ്ഡലം<br>(b) പ്രോ. ഐ.ഡി 1895-പള്ളിക്കുന്ന് പഞ്ചായത്ത് - പൊടിക്കുണ്ട് മിൽമ റോഡ് നവീകരണം - അഴീക്കോട് നിയോജകമണ്ഡലം<br>(4) തുളിച്ചേരി കരിമ്പിൻ തോട്ടം തോട് കവറിംഗ് സ്ലാബ് |
| (ബി) | ഇനിയും ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകാത്ത പ്രവൃത്തികൾക്ക് എന്നത്തേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായും നൽകി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം തന്നെ ടി നിർമ്മാണ പ്രവൃത്തികളുടെ തുക നൽകുന്നതിനായി |

| | | | |
|---|---|---|---|
| | നടപടി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | | സർക്കാരിൽ നിന്നും അധിക ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതി തുക പി.ഡബ്ല്യൂ.ഡി-യ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്ന് ആസ്തി വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ (അഴീക്കോട് മണ്ഡലത്തിലെ) ഫണ്ട് ട്രാൻസ്ഫർ ശിപാർശകളാണ് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | അഴീക്കോട് നിയോജകമണ്ഡലത്തിലെ ഫണ്ട് ട്രാൻസ്ഫർ ശുപാർശയുമായി ബന്ധപ്പെട്ട് കണ്ണൂർ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തദ്ദേശസ്വയംഭരണ ഡിവിഷൻ കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഇനി റിക്വസിഷൻ ബാക്കിയില്ല. |

**സെക്ഷൻ ഓഫീസർ**